# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3608** **20.10.2016-ൽ മറുപടിക്ക്**

**കരുനാഗപ്പള്ളി പുത്തൻതെരുവ്- തുറയിൽ കടവ് റോഡിന്റെ ടാറിംഗ്**

| ചോദ്യം<br>**ശ്രീ. ആർ.രാമചന്ദ്രൻ** | മറുപടി<br>**ശ്രീ. ജി. സുധാകരൻ<br>പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി** |
|---|---|
| (എ) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ പുത്തൻതെരുവ്-തുറയിൽ കടവ് റോഡിന്റെ ടാറിംഗിന് ലഭിച്ച ഭരണാനുമതിയുടെ കാലാവധി എന്നുവരെയാണുള്ളത്; ഈ റോഡിന്റെ ടാറിംഗ് ജോലികൾ ആരംഭിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) പുത്തൻതെരുവ്, തുറയിൽകടവ് റോഡിന് 14/07/2014-നാണ് ഭരണാനുമതി നൽകിയത്. 12.06.2015-ന് ടെണ്ടർ നടപടി പൂർത്തിയാക്കിയതിനാൽ ഭരണാനുമതിയുടെ കാലാവധി കഴിയുന്നില്ല. ഈ റോഡിന്റെ ടാറിംഗ് പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. |
| (ബി) ഈ റോഡിന്റെ നിർമ്മാണ പ്രവർത്തനത്തിന് എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളത്; എത്ര കി.മീ. ദൂരം ടാറിംഗും അനുബന്ധ ജോലികളും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു; വിശദമാക്കുമോ; | (ബി) ടി റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 14.07.2014-ലെ ജി.ഒ (ആർ.ടി) നം. 993/2014/പൊ.മ.വ നമ്പർ ഉത്തരവ് പ്രകാരം 250 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. ഈ റോഡിന്റെ ആകെ ദൂരം 4 കിലോമീറ്ററാണ് (0/000 മുതൽ 4/000 വരെ) ഈ വേലയിൽ ബി.എം &ബി.സി പ്രകാരം 2.750 കിലോമീറ്റർ ടാറിംഗും നിലവിലുള്ള ഇടുങ്ങിയ കലുങ്കുകളുടെ വീതി കൂട്ടലും ഓട നിർമ്മാണവും റോഡ് മാർക്കിങ്ങുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (സി) ഇതിന്റെ ടാറിംഗും അനുബന്ധ പ്രവൃത്തികളും എത്രയും വേഗം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) നടപടി സ്വീകരിക്കുന്നതാണ്. ടി പ്രവൃത്തി ചെയ്യുന്നതിന് തിരഞ്ഞെടുത്ത കരാറുകാരനുമായി എഗ്രിമെന്റ് ഒപ്പ് വെച്ചിട്ടുണ്ട്. വേല തുടങ്ങുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ